"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്- വകുപ്പിന് കീഴിലുള്ള **16** ഗവ.ചിൽഡ്രൻസ് ഹോമുകളിലെ എഡ്യുക്കേറ്റർമാരുടെ ഹോണറേറിയം ഇനത്തിൽ **2022-2023** സാമ്പത്തിക വർഷത്തെ കുടിശ്ശിക തുകയായ **1,12,475/-**രൂപ നടപ്പു വർഷം **2235-02-102-36 (02)** ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**35/2026/WCDD** തീയതി,തിരുവനന്തപുരം, **21-01-2026**

---

പരാമർശം:- **1. 19/05/2022** ലെ സ.ഉ(സാധാ)നം.**214/2022/WCDD**

**2.** വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ **01-12-2025** ലെ **DWCD/1926/2023-ICPS 2** നമ്പർ കത്ത്.

**ഉത്തരവ്**

വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന **16** ഗവ.ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പഠനത്തിനാവശ്യമായ പിന്തുണ നൽകുന്നതിനുമായി എഡ്യൂക്കേറ്ററുടെ സേവനം ലഭ്യമാക്കുന്നതിന് അനുമതി നൽകിയും എഡ്യൂക്കേറ്ററുടെ ഹോണറേറിയം തുക പ്രതിമാസം **12000/-** രൂപ നിരക്കിൽ **(11** മാസത്തേക്ക്) **21,12,000/-**രൂപ, **2022-2023** സാമ്പത്തിക വർഷം **2235-02-102-36 (02)** ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയും പരാമർശം **(1)** പ്രകാരം ഉത്തരവായിരുന്നു.

**2023-24** സാമ്പത്തിക വർഷം മുതൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന **16** ഗവ. ചിൽഡ്രൻസ് ഹോമുകളിൽ നിയോഗിച്ചിരിക്കുന്ന എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസ ഹോണറേറിയം തുകയായ **10,000/-** രൂപ നിരക്കിൽ മിഷൻ വാത്സല്യ മാർഗ്ഗനിർദേശ പ്രകാരം **SNA** അക്കൗണ്ടിൽ നിന്നും അനുവദിച്ചു വരുന്നതായും എന്നാൽ **2022-2023** സാമ്പത്തിക വർഷം **2235-02-102-36 (02)** ശീർഷകത്തിൽ നിന്നും അനുവദിച്ച തുക എഡ്യൂക്കേറ്റർമാർക്ക് പൂർണ്ണമായി നല്കാൻ കഴിഞ്ഞിരുന്നില്ലെന്നും ഇനി വിവിധ ചിൽഡ്രൻസ് ഹോമുകളിലായി **1,12,475/-** കുടിശ്ശിക അനുവദിക്കാനുണ്ടെന്നും പ്രസ്തുത തുക നടപ്പ് വർഷം **2235-02-102-36**

(02) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2023 മാർച്ചു വരെയുള്ള കുടിശിക

| ക്രമ നം | സ്ഥാപനം | കുടിശ്ശിക |
|---|---|---|
| 1. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് കോഴിക്കോട് | 24000 |
| 2. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് കണ്ണൂർ | 12800 |
| 3. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് കണ്ണൂർ | 33675 |
| 4. | ഗവ. ചിൽഡ്രൻസ് ഹോം വയനാട് | 10000 |
| 5. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് ആലപ്പുഴ | 10000 |
| 6. | ഗവ. ചിൽഡ്രൻസ് ഹോം തൃശ്ശൂർ | 10000 |
| 7. | ഗവ. ചിൽഡ്രൻസ് ഹോം കോട്ടയം | 12000 |
| | ആകെ | 1,12,475/- |

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 2022-2023 സാമ്പത്തിക വർഷം 2235-02-102-36 (02) ശീർഷകത്തിൽ നിന്നും 16 ഗവ. ചിൽഡ്രൻസ് ഹോമുകളിലെ എഡ്യുക്കേറ്റർമാരുടെ ഹോണറേറിയം ഇനത്തിൽ ഭരണാനുമതി നൽകിയ 21,12,000/-രൂപയിൽ ഇനി അനുവദിക്കാനുള്ള കുടിശ്ശിക തുകയായ 1,12,475/-രൂപ(ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി നാനൂറ്റി എഴുപത്തി അഞ്ച് രൂപ) നടപ്പു വർഷം 2235-02-102-36 (02) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 21-01-2026 14:41:40

സെക്ഷൻ ഓഫീസർ